Parish Bulletin. March 31, 2013, Vol. 8, Issue 28

# SACRED HEART KNANAYA CATHOLIC PARISH

611 Maple Street, Maywood, IL 60153
*www.knanayaregion.us/chicago * sajipinarkayil@gmail.com * 630-563-2565**



Weeks of Resurrection: The Painting

Mar Toma Sliba is the perfect symbol of Jesus' Resurrection. Empty Cross, just as empty tomb, proclaims Jesus' Resurrection; the blooming bud-like ends its new life and the descending dove the Holy Spirit who effected the Resurrection. The lotus at the bottom points to the faith in Jesus, established in India. The three steps symbolize Gagulta and thus Jesus' death. Thus Mar Toma Sliba is a unique symbol of the Death and Resurrection of Jesus and a vivid historical data of Christianity in India. The lighted candles show the faithful transmitting Jesus' light to the world. The flowering plants depict the Spring of Resurrection. The believer born in Baptism grows to maturity through participation in the Holy Qurbana, which in fact transfigures him/her to Jesus Himself.



ഉയിർപ്പുകാലം

WEEKS OF RESURRECTION

| March OFFERINGS | Mar. 24 |
|---|---|
| Holy Qurbana Collection | $1274.00 |
| St. Antony's Novena | $160.00 |
| Guadalupe Shrine | $97.00 |
| Monthly Pledge | $200.00 |
| St. Joseph Feast & Annual Retreat | $125.00 |
| **Total** | **$1856.00** |
| **AGAPE MOVEMENT** | |
| Sacred Heart Agape Store | $77.00 |
| St. Mary's Agape Store | $60.00 |
| Sponsor A Seminarian | $250.00 |
| Manthra / Death Anniversary /Donation Box | $241.00 |
| **TOTAL AGAPE** | **$628.00** |

**Knanaya Region Shalom Family Retreat Prayer Line. Every Wednesday 9:00 PM CST.**
Please join and participate in this weekly intercessory prayer line for the success of our Family retreat.
Telephone: **(530) 881-1400** Password: **588 465**.

## SCHEDULE CHANGES & ACTIVITIES

**HOLY THURSDAY (പെസഹാ വ്യാഴം), MARCH 28**
**SOLEMN Holy Qurbana** at 7:00 PM**. APPAM MURI**
**PASSION FRIDAY (പീഡാനുഭവ വെള്ളി), MARCH 29**
**Passion Friday** service starts at 10:00 AM**.**
**Way of the Cross** by St. Stephen Koodarayogam.
Divine Mercy Novena Starts Today.
**GREAT SATURDAY (വലിയ ശനി), MARCH 30**
**Holy Qurbana** at 10:00 AM**.**
Bring candles and bottles for new Holy Water and Light.
**EASTER EVE SATURDAY, MARCH 30**
**Easter Vigil Holy Qurbana** at 07:00 PM**.**
**EASTER SUNDAY (ഉയിർപ്പ് ഞായർ), MARCH 31**
**Holy Qurbana** at 10:00 AM**.**
**DIVINE MERCY SUNDAY (പുതുഞായർ), APRIL 7**
**Holy Qurbana** at 10:00 AM**. Divine Mercy Chaplet** after **Holy Qurbana**. Religious Education Class at 10: 00 AM. Our Lady of Guadalupe Koodarayogam at Sinoy and Suni Kavalackal's House at 2:00 PM. Ph: (847) 513-2136



# Easter Sunday
# (ഉയിർപ്പ് ഞായർ)

At Sacred Heart Knanaya Catholic Church

On Saturday, March 30th 07:00 PM

- Resurrection Services
- Procession
- Holy Qurbana
- Easter Message

## READINGS & READERS ( നോമ്പുകാലം & ഉയിർപ്പുകാലം )

### നോമ്പുകാലം - Holy Thursday & Passion Friday ( പെസഹാ വ്യാഴം / പീഡാനുഭവവെള്ളി )

| | MARCH 28 - പെസഹാ വ്യാഴം | | MARCH 29 - പീഡാനുഭവ വെള്ളി | |
|---|---|---|---|---|
| Readings | READINGS | 07:00 PM | READINGS | 10:00 AM |
| **1st Reading** | Exodus 12:1-20 | Kevin Kannothara | **Genesis 22:1-19** | **Neethu Ellumkyil** |
| **2nd Reading** | Malachi 1:10-14 | Thomas Neduvampuzha | **Isaiah 52:13-53 :9** | **Jessy Muthukattil** |
| **3rd Reading** | 1Corinthians11:23-29 | Regina Madayanakavil | **Romans 5:6-16** | **Annu Mutholam** |
| **Gospel** | St. John 13:1-14 & St. Mathew 26:26-30 | | **Lk 22:63-23:12 + Mt 27:19 + Lk 23:13-23 + Mt 27:24-25 + Lk 23:24-45+ Mt. 27:51-54+Jn. 19:23-42** | |

### നോമ്പുകാലം/ഉയിർപ്പുകാലം - Great Saturday & Easter Evening (വലിയ ശനി/ഉയിർപ്പ് ഞായർ)

| | MARCH 30 - വലിയ ശനി | | MARCH 30 Evening - ഉയിർപ്പ് ഞായർ | |
|---|---|---|---|---|
| Readings | READINGS | 10:00 AM | READINGS | 07:00 PM |
| **1st Reading** | **Genesis 22:1-19** | **Sabeena Chemmachel** | **Isaiah 60:1-7** | **Mathew Pathiyil** |
| **2nd Reading** | **Jonah 2:1-10** | **Mathew Idiyalil** | **1 Samuel 2:1-10** | **Lincy Kaniyaly** |
| **3rd Reading** | **Romans 6:3-11** | **Justin Eththara** | **Romans 5:20-6:23** | **Teena Neduvampuzha** |
| **Gospel** | **St. Mathew 28:1-20** | **Good news of Resurrection.** | **St. Mathew 28:1-6** | **Resurrection of Christ.** |

### ഉയിർപ്പുകാലം - Easter ( ഉയിർപ്പ് ഞായർ) / Divine Mercy Sunday ( പുതുഞായർ )

| | MARCH 31- ഉയിർപ്പ് ഞായർ | | APRIL 07 - Divine Mercy Sunday | |
|---|---|---|---|---|
| Readings | READINGS | 10:00 AM | READINGS | 10:00 AM |
| **1st Reading** | Isaiah 60:1-7 | Philip Kannothara | Isaiah 55:4-13 | Lenin Kannothara |
| **2nd Reading** | Romans 5:20-6:23 | Santha Valacheril | Colossians 1:12-20 | Albin Mutholam |
| **Gospel** | St. Mathew 28:1-6 | Resurrection of Christ. | St. John. 20:19-29 | My Lord and my God. |




# Divine Mercy Sunday

## At Sacred Heart Knanaya Catholic Church

## On Sunday, April 7th 10:00 AM

- **Divine Mercy Chaplet**
- **Divine Mercy Novena**
- **Holy Qurbana**
- **Divine Mercy Message**

**All are welcome.**

# പെസഹാ ഭക്ഷണം തയ്യാറാക്കലും ഇണ്ടറിയപ്പം മുറിക്കൽ ശുശ്രൂഷയും

## പെസഹാ ഭക്ഷണം തയ്യാറാക്കൽ

(പുളിപ്പില്ലാത്ത പെസഹാ അപ്പം)

### ചേരുവകൾ

പച്ചരി -1കിലോഗ്രാം
ഉഴുന്നു പരിപ്പ് -150 ഗ്രാം
തേങ്ങാ -2 എണ്ണം
ജീരകം -30 ഗ്രാം
ചുവന്നുള്ളി -100 ഗ്രാം
വെളുത്തുള്ളി -20 ഗ്രാം
ഉപ്പ് -ആവശ്യത്തിന്
കുരുത്തോലക്കഷണം

### പാകം ചെയ്യുന്ന വിധം

പച്ചരി കഴുകി പൊടിച്ച് *(തരി മീഡിയം)* വറുത്തെടുക്കുക. ഉഴുന്ന് ഓട്ടിൽ *(എണ്ണ ചേർക്കാതെ)* ചൂടാക്കി ഇളം ചുവപ്പാകുമ്പോൾ വാങ്ങുക. ഉഴുന്ന് വെള്ളത്തിലിട്ട് കുതിർന്നു കഴിയുമ്പോൾ എടുത്ത് അരയ്ക്കുക. ജീരകവും വെളുത്തുള്ളിയും ചുവന്നുള്ളിയും നന്നായി അരച്ചെടുക്കുക. തേങ്ങാ തരി വരത്തക്കവിധം മാത്രം അരയ്ക്കുക. അരിപ്പൊടിയിൽ ഉപ്പും വെള്ളവും ചേർത്തു കുഴയ്ക്കുക. അതിനുശേഷം ഉഴുന്നും മറ്റും അരച്ചത് കൂട്ടിയോജിപ്പിക. കൈകൊണ്ടു കോരിയെടുക്കാവുന്ന വിധം മാത്രം വെള്ളം ചേർത്താൽ മതി. വൃത്താകൃതിയിലുള്ള പാത്രങ്ങളിലൊഴിച്ച് ഓശാനയ്ക്കു കിട്ടുന്ന കുരുത്തോല കുരിശാകൃതിയിൽ *(2 ഇഞ്ചു നീളം)*അപ്പത്തിന്മേൽ *(കുടുംബനാഥ)* വയ്ക്കുന്നു. അപ്പച്ചെമ്പിൽ ആവിക്കുവച്ച് വേവിക്കുക. *ഈർക്കിൽകൊണ്ട് കുത്തി നോക്കി അരിപ്പൊടി അതിൽ പിടിക്കുന്നില്ലെങ്കിൽ വെന്തെന്ന് അറിയാം).*

### ഇണ്ടറി അപ്പത്തിന്റെ പാൽ

ചേരുവകൾ

ശർക്കര - 1 കിലോഗ്രാം
തേങ്ങാ - 4 എണ്ണം
ജീരകം - 15 ഗ്രാം
എള്ള് - 25 ഗ്രാം ഓട്ടിൽ വറുത്തെടുക്കുക.
ഏലയ്ക്കാ - 4 എണ്ണം
ചുക്ക് - 1ചെറിയകക്ഷണം(5 ഗ്രാം)
ഉപ്പ് ആവശ്യത്തിന്

### ഉണ്ടാക്കുന്ന വിധം

ശർക്കര ഒരു ഗ്ലാസ് വെള്ളമൊഴിച്ച് ഉരുക്കി അരിച്ചെടുക്കുക. തേങ്ങാ ചിരണ്ടിയെടുത്ത് 3 പ്രാവശ്യം പിഴിഞ്ഞെടുത്ത പാലിൽ *(ഏകദേശം 2 ലിറ്റർ)* അരിച്ചെടുത്ത ശർക്കര ചേർത്ത് അടുപ്പത്തു വച്ച് ഇളക്കിക്കൊണ്ടിരിക്കണം. തികന്നു പോകാതെ ശ്രദ്ധിക്കണം. കുരുത്തോല കുരിശ് ആകൃതിയിൽ പാലിൽ *(2 ഇഞ്ച് മുറിച്ച്)* ഇടണം. തികന്നു കഴിയുമ്പോൾ 3 സ്പൂൺ വറുത്ത അരിപ്പൊടി അല്പം തേങ്ങാപ്പാലിൽ കലക്കി അതിൽ ഒഴിക്കുക. പാത്രത്തിന്റെ മൂട്ടിൽ പിടിക്കാതെ ഇളക്കിക്കൊണ്ടിരിക്കണം. തികന്നു കഴിയുമ്പോൾ വറുത്തു വച്ചിരിക്കുന്ന ജീരകം, എള്ള്, ഏലയ്ക്കാ, ചുക്ക് ഇവപൊടിച്ച് ഉപ്പും തൂളി ഇറക്കി വക്കുക.

### അപ്പം മുറിയ്ക്കൽ

പെസഹാ വ്യാഴാഴ്ച അത്താഴത്തിനു ശേഷമാണ് അപ്പം മുറിക്കുക. എല്ലാവരും കൂടി ഭയഭക്തിയോടെ എഴുന്നേറ്റു നിന്ന് ഗൃഹനാഥന്റെ നേതൃത്വത്തിൽ പ്രാർത്ഥന ചൊല്ലുന്നു. ഗൃഹനാഥൻ എഴുന്നേറ്റുനിന്ന് കുരിശപ്പത്തിന്മേലുള്ള കുരുത്തോല എടുത്തുമാറ്റി കത്തികൊണ്ട് കുരിശാകൃതിയിൽ അപ്പം മുറിക്കുന്നു. തുടർന്ന് ആവശ്യാനുസരണം ചെറിയ കഷണങ്ങളാക്കി മുറിക്കുന്നു. മൂത്തവർ മുതൽ ഇരുകൈകളും നീട്ടി ഭക്തിയോടെ ഗൃഹനാഥന്റെ കൈയ്യിൽ നിന്നും അപ്പം വാങ്ങുന്നു. വലതുകൈയ്യിൽ അപ്പം എടുത്ത് ഇടതുകൈയ് വലതുകൈയുടെ മൂട്ടിനു താഴെ *(ആദരവുകാണിക്കാൻ)* പിടിച്ചാണ് നല്കേണ്ടത്. പാൽ കപ്പുകളിൽ എടുത്ത് അതിൽ അപ്പം മുക്കിയാണ് കഴിക്കുക. വിശ്വാസികളല്ലാത്തവർക്ക് കുരിശപ്പം കൊടുക്കാറില്ല..അതിനുപകരം

കുരിശുവയ്ക്കാതെ ഇലയിൽ മടക്കി വച്ച് അപ്പം ഉണ്ടാക്കാറുണ്ട്. അപ്പം മുറിയ്ക്കലിനു മുമ്പ് കുട്ടികൾക്കു കൊടുക്കുന്ന അപ്പവും കുരിശു വയ്ക്കാത്തതാണ്.





1

# പെസഹാ വ്യാഴം

## - അപ്പം മുറിക്കൽ - ഭവനങ്ങളിൽ



അത്താഴത്തിനുശേഷം കുടുംബാംഗങ്ങൾ പ്രാർത്ഥനാമുറിയിൽ സമ്മേളിക്കുന്നു. തിരുഹൃദയരൂപത്തിന്റെ മുമ്പിൽ നിലവിളക്കു കത്തിച്ചിരിക്കുന്നു. കുരിശപ്പം, പെസഹാ പാൽ, അപ്പം മുറിക്കുന്നതിനുള്ള കത്തി മുതലായവ തയ്യാറാക്കിയിരിക്കണം. ബൈബിൾ സമുന്നതമായ പീഠത്തിൽ പ്രതിഷ്ഠിച്ചിരിക്കണം. കുടുംബനാഥൻ പ്രാർത്ഥന ആരംഭിക്കണം.

നേതാ : പിതാവിന്റെയും ✠ പുത്രന്റെയും
പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

സമൂ : ആമേൻ.

നേതാ : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂ : ആമേൻ.

നേതാ : ഭൂമിയിൽ മനുഷ്യർക്കു സമാധാനവും
പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂ : ആമേൻ.

നേതാ : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....

(സമൂഹവും ചേർന്ന്)

### നമുക്കു പ്രാർത്ഥിക്കാം

നേതാ : പീഡാസഹനത്തിന്റെ തലേ രാത്രിയിൽ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി വിനയത്തിന്റെ മാതൃക ഞങ്ങൾക്കു നൽകുകയും ഞങ്ങളോടൊത്തു സദാ വസിക്കുന്നതിനായി വി. കുർബാന സ്ഥാപിക്കുകയും ചെയ്ത കർത്താവേ, അങ്ങയുടെ അനന്തമായ സ്നേഹവും കാരുണ്യവും അനുസ്മരിക്കുന്നതിനായി ഞങ്ങൾ നടത്തുന്ന

2

ഈ പാവനശുശ്രൂഷയിൽ സംപ്രീതനാകണമേ. അങ്ങയുടെ കാലടികൾ പിന്തുടരുന്നതിനു ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ : ആമേൻ.

### സങ്കീർത്തനം : 135

വിജ്ഞാപനം : ദൈവത്തിന്റെ അനന്തമായ ദാനങ്ങൾ ഒന്നായി ഓർത്ത് സങ്കീർത്തകനോടൊപ്പം നമുക്കും ദൈവത്തെ സ്തുതിക്കാം.

നേതാ : നല്ലവനായ കർത്താവിനെ സ്തുതിക്കുവിൻ
എന്തുകൊണ്ടെന്നാൽ
അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

സമൂ : നല്ലവനായ....

നേതാ : അത്യുന്നതനായ ദൈവത്തെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : അത്ഭുതപ്രവർത്തകനായ ദൈവത്തെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : തന്റെ അനന്തമായ ജ്ഞാനത്താൽ
ആകാശം സൃഷ്ടിച്ചവനെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : ജലത്തിനു മുകളിലായി
ഭൂമിയെ ഉറപ്പിച്ചവനെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : ആകാശമണ്ഡലത്തിൽ
ഗോളങ്ങൾ നിർമ്മിച്ചവനെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : പകലിനെ ഭരിക്കുവാൻവേണ്ടി
സൂര്യനെ സൃഷ്ടിച്ചവനെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : രാത്രിയെ ഭരിക്കുവാൻവേണ്ടി
ചന്ദ്രതാരങ്ങളെ സൃഷ്ടിച്ചവനെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : നമ്മുടെ സങ്കടകാലങ്ങളിൽ
നമ്മെ ഓർത്തവനെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

3

നേതാ : നമ്മുടെ ശത്രുക്കളിൽ നിന്നെല്ലാം
നമ്മെ രക്ഷിച്ചവനെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : ലോകത്തിലുള്ള ജീവികൾക്കെല്ലാം
ആഹാരം നൽകുന്നവനെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : സ്വർഗ്ഗസ്ഥനായ ദൈവത്തെ
കൃതജ്ഞതാപൂർവ്വം സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ : ആദിമുതൽ എന്നേക്കും ആമേൻ.

### പഴയനിയമ വായന

വിജ്ഞാപനം : പഴയനിയമകാലം മുതൽ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനം പെസഹാ ആചരിച്ചിരുന്നു. ആ ദിവസം കുടുംബാംഗങ്ങൾ ഒരുമിച്ചു പെസഹാ അപ്പം ഭക്ഷിക്കുകയും കർത്താവ് അവരോടു ചെയ്തിട്ടുള്ള അനുഗ്രഹങ്ങൾക്കു കൃതജ്ഞത അർപ്പിക്കുകയും ചെയ്തിരുന്നു. ഈജിപ്തിൽ ഫറവോയുടെ അടിമത്തത്തിൽനിന്ന് ഇസ്രായേൽ ജനത്തെ ദൈവം വിമോചിപ്പിച്ചതു സംബന്ധിച്ച് പുറപ്പാടിന്റെ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള ഭാഗം ശ്രവിക്കാം.

പ്രതിനിധി : സഹോദരരേ, പുറപ്പാടിന്റെ പുസ്തകത്തിൽനിന്നുള്ള വായന (പുറ. 12:14–25).

"കർത്താവ് ഈജിപ്തിൽ വച്ച് മോശയോടും അഹറോനോടും അരുളിച്ചെയ്തു: ഈ ദിവസം നിങ്ങൾക്ക് ഒരു സ്മരണാദിനമായിരിക്കണം. തലമുറതോറും എന്നേയ്ക്കും അതു കർത്താവിന്റെ ഒരു ഉത്സവദിനമായി ആചരിക്കണം. ഏഴു ദിവസം നിങ്ങൾ പുളിക്കാത്ത അപ്പം ഭക്ഷിക്കണം. ഒന്നാമത്തെ ദിവസം മുതൽ ഏഴാം ദിവസം വരെ ആരെങ്കിലും പുളിച്ച അപ്പം ഭക്ഷിക്കുന്നുവെങ്കിൽ അവൻ ഇസ്രായേലിൽനിന്നു വിച്ഛേദിക്കപ്പെടും. ഒന്നാം ദിവസം പരിശുദ്ധവും ആഡംബരപൂർണ്ണവുമായിരിക്കണം. അങ്ങനെതന്നെ ഏഴാം ദിവസവും ആചരിക്കണം. അന്ന് അവരവർക്കുവേണ്ട ഭക്ഷണം ഒരുക്കുകയല്ലാതെ മറ്റൊരു വേലയും ചെയ്യരുത്. പുളിക്കാത്ത അപ്പത്തിന്റെ തിരുനാൾ നിങ്ങൾ ആചരിക്കണം. കാരണം, ആ ദിവസംതന്നെ നിങ്ങളുടെ ഗണത്തെ ഈജിപ്തിൽനിന്നു ഞാൻ കൊണ്ടുവരും. ആ ദിവസം തലമുറതോറും നിങ്ങൾ എന്നേക്കും കൊണ്ടാടണം. ഒന്നാം മാസം പതിന്നാലാം തീയതി സന്ധ്യമുതൽ അതേമാസം ഇരുപത്തിയൊന്നാം തീയതി സന്ധ്യവരെ, നിങ്ങൾ പുളിക്കാത്ത അപ്പം ഭക്ഷി

കണം. ഏഴുദിവസം നിങ്ങളുടെ വീടുകളിൽ പുളിച്ച അപ്പം ഉണ്ടായിരിക്കരുത്. പുളിച്ച അപ്പം ഭക്ഷിക്കുന്നവൻ സ്വദേശിയോ വിദേശിയോ ആരുതന്നെയും ആയിക്കൊള്ളട്ടെ, ഇസ്രായേലിൽ അവൻ നാമാവശേഷനാകും. നിങ്ങൾ എവിടെയായിരുന്നാലും പുളിച്ച അപ്പം ഭക്ഷിക്കരുത്. പുളിക്കാത്ത അപ്പമേ ഭക്ഷിക്കാവൂ.

"അതനുസരിച്ച് മൂശ ഇസ്രായേലിലെ കാരണവന്മാരെ വിളിച്ചു പറഞ്ഞു: നിങ്ങൾ പോയി ഓരോ കുടുംബത്തിലും ഓരോ കുഞ്ഞാടിനെ എടുത്തു പെസഹാ കഴിക്കുവിൻ.... കർത്താവു തന്റെ വാഗ്ദാനപ്രകാരം നിങ്ങൾക്കു തരാൻ പോകുന്ന രാജ്യത്തു നിങ്ങളെത്തിയ ശേഷവും ഈ കർമ്മം ആചരിക്കണം."

സമൂ : ദൈവമായ കർത്താവേ, അങ്ങേയ്ക്കു സ്തുതി.

*അല്പസമയം മൗനമായി ധ്യാനിക്കുന്നു.*

## ക്ഷമയാചന പ്രാർത്ഥന

(കുടുംബനാഥൻ പ്രാർത്ഥിക്കുന്നു)

ഞങ്ങളുടെ രക്ഷകനായ കർത്താവേ, (എല്ലാവരുംകൂടി) ഗുരുവും നാഥനുമായിരുന്നിട്ടും സ്നേഹത്തിന്റെയും സേവനത്തിന്റെയും മാതൃക കാണിക്കുവാൻ അങ്ങു സ്വന്തം ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയല്ലോ. പരസ്പരസ്നേഹത്തിന്റെയും സേവനത്തിന്റെയും കാര്യത്തിൽ ഞങ്ങൾ ചെയ്തുപോയിട്ടുള്ള എല്ലാ തെറ്റുകളെക്കുറിച്ചും ഞങ്ങൾ മനസ്തപിക്കുകയും അവയ്ക്കെല്ലാം മാപ്പപേക്ഷിക്കുകയും ചെയ്യുന്നു. മേലിൽ അങ്ങയുടെ ദിവ്യമാതൃകയ്ക്കൊത്ത വിധം ജീവിതം നയിച്ചുകൊള്ളാമെന്നു ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഞങ്ങളുടെ ഈ പ്രതിജ്ഞ സ്വീകരിച്ചു ദയാപൂർവ്വം ഞങ്ങളെ അനുഗ്രഹിക്കണമേ.

സമൂ : ആമ്മേൻ.

N.B.: ആരെങ്കിലും വഴക്കിലോ പിണക്കത്തിലോ ആണെങ്കിൽ പരസ്പരം ക്ഷമ ചോദിച്ച് ഈ സന്ദർഭത്തിൽ രമ്യപ്പെടേണ്ടതാണ്.

വിജ്ഞാപനം : വിശുദ്ധ കുർബാനയുടെ സ്ഥാപനത്തെക്കുറിച്ചു വിശുദ്ധ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള ഭാഗം നമുക്കു ശ്രവിക്കാം.

നേതാ : നിങ്ങൾക്കു സമാധാനം.

സമൂ : അങ്ങേയ്ക്കും സമാധാനം.

നേതാ : വി. മത്തായി എഴുതിയ നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം (മത്താ. 25:26–30).

"അവർ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഈശോ അപ്പമെടുത്ത് ആശീർവ്വദിച്ച് മുറിച്ച് ശിഷ്യന്മാർക്ക് നൽകിക്കൊണ്ട് അരുളിച്ചെയ്തു: 'നിങ്ങൾ എടുത്തു ഭക്ഷിക്കുവിൻ; ഇത് എന്റെ ശരീരമാകുന്നു.' പിന്നീട് പാനപാത്രമെടുത്തു കൃതജ്ഞതാ സ്തോത്രം ചെയ്ത് അവർക്കു നൽകിക്കൊണ്ട് അരുളിച്ചെയ്തു: 'നിങ്ങളെല്ലാവരും ഇതിൽനിന്നു പാനം ചെയ്യുവിൻ. എന്തുകൊണ്ടെന്നാൽ,



ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാകുന്നു. ഞാൻ നിങ്ങളോടു പറയുന്നു: എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടൊത്തു നവമായി ഇതു പാനം ചെയ്യുന്ന ദിവസം വരെ മുന്തിരിയുടെ ഈ ഫലത്തിൽനിന്നു ഞാൻ വീണ്ടും കുടിക്കുകയില്ല.' അനന്തരം സ്തോത്രഗീതം ആലപിച്ചിട്ട് അവർ ഒലിവുമലയിലേയ്ക്കു പോയി."

സമൂ : നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

*അല്പസമയത്തെ മൗനത്തിനുശേഷം കുടുംബനാഥൻ പ്രാർത്ഥിക്കുന്നു.*

## നമുക്കു പ്രാർത്ഥിക്കാം

നേതാ : ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ മിശിഹായേ, വിരുന്നും ബലിയുമായി വിശുദ്ധ കുർബാന സ്ഥാപിക്കുകയും, ആ സ്വർഗ്ഗീയ വിരുന്നിൽ പങ്കാളികളാകുവാൻ ഞങ്ങളെ ക്ഷണിക്കുകയും ചെയ്തതിനു ഞങ്ങൾ നന്ദിപറയുന്നു. പെസഹാ രഹസ്യത്തിന്റെ അനുസ്മരണം കൊണ്ടാടുന്ന ഈ സമയത്തു ഞങ്ങൾ അനുഭവിക്കുവാൻപോകുന്ന ഈ പെസഹാ അപ്പത്തെയും പാലിനെയും ആശീർവ്വദിക്കണമേ. (പെസഹാ അപ്പം കൈയിലെടുത്തുകൊണ്ട്), അനേകം ധാന്യമണികൾ ചേർന്ന് ഈ അപ്പം ഉണ്ടായിരിക്കുന്നതുപോലെ ഞങ്ങളെല്ലാവരും അങ്ങയിൽ ഒന്നായി ഭവിക്കട്ടെ. ഇതിൽനിന്നു പങ്കുപറ്റുന്ന ഞങ്ങളെല്ലാവരും ജീവിതാന്ത്യത്തിൽ സ്വർഗ്ഗീയവിരുന്നിൽ പങ്കുകാരാകുവാൻ ഇടവരുത്തണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ : ആമ്മേൻ.

*കുടുംബനാഥൻ അപ്പം മുറിച്ച് പാലിൽ മുക്കി പ്രായമനുസരിച്ചു കുടുംബാംഗങ്ങൾക്കു കൊടുക്കുന്നു. ഓരോരുത്തരും ഇരുകൈകളും നീട്ടി വാങ്ങി ഭക്തിപൂർവ്വം ഭക്ഷിക്കുന്നു.*

N.B. അപ്പം കൊടുക്കുമ്പോൾ, "മിശിഹാ നിന്നെ അനുഗ്രഹിക്കട്ടെ" എന്നു പറയുന്നു. അപ്പം സ്വീകരിക്കുന്നവർ "രക്ഷകനായ മിശിഹായ്ക്കു സ്തുതി" എന്നു പറയുന്നു.

എല്ലാവരും സ്നേഹപൂർവ്വം ഭക്ഷിക്കുന്നു. തത്സമയം അവസരോചിതമായ ഒരു ഗാനം ആലപിക്കുന്നു.

❖ ❖ ❖

## ഗാനം

ദൈവസ്നേഹം വർണ്ണിച്ചിടാൻ വാക്കുകൾ പോരാ,
നന്ദി ചൊല്ലിത്തീർക്കുവാനീ ജീവിതം പോരാ
കഷ്ടപ്പാടിൻ കാലങ്ങളിൽ രക്ഷിക്കുന്ന സ്നേഹമോർത്താൽ
എത്ര സ്തുതിച്ചാലും മതിവരുമോ — ദൈവ....

സ്വന്തമായ് ഒന്നുമില്ല സർവ്വതും നിൻ ദാനം
സ്വസ്ഥമായ് ഉറങ്ങീടാൻ സമ്പത്തിൽ മയങ്ങാതെ
മന്നിൽ സൗഭാഗ്യം നേടാനായാലും
ആത്മം നഷ്ടമായാൽ ഫലമെവിടെ — ദൈവ...

സ്വപ്നങ്ങൾ പൊലിഞ്ഞാലും ദുഃഖത്താൽ വലഞ്ഞാലും
മിത്രങ്ങൾ അകന്നാലും ശത്രുക്കൾ നിരന്നാലും
രക്ഷാകവചം നീ മാറാതെന്നാളും
അങ്ങെൻ മുൻപേ പോയാൽ ഭയമെവിടെ — ദൈവ....

# ഉയിർപ്പുകാലം

ഉയിർപ്പുതിരുനാൾ മുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദിക്കുന്നതിനുള്ള അവസരമാണിത്. ഈ ആഹ്ലാദത്തിന്റെ പ്രതിഫലനമാണ് ഈ കാലത്തിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും ഉള്ളത്. ഈശോമിശിഹായുടെ ഉത്ഥാനം, പാപത്തിന്റെയും മരണത്തിന്റെയും സാത്താന്റെയുംമേൽ അവിടുന്നു വരിച്ച വിജയം, അതുവഴി ഭോഷത്തത്തിന്റെ ചിഹ്നമായ കുരിശ് രക്ഷയുടെയും മഹത്ത്വത്തിന്റെയും ചിഹ്നമായി മാറുന്നത്, ഈശോയുടെ ഉയിർപ്പ് നമ്മുടെ ഉയിർപ്പിന്റെ അച്ചാരം, അവിടുത്തെ ഉയിർപ്പ് ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം തുടങ്ങിയവയാണ് ഈ കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ.

ആദിമസഭയിൽ മാമ്മോദീസ നല്കിയിരുന്നത് ഉയിർപ്പുതിരുനാളിനോട് അനുബന്ധിച്ചായിരുന്നു. വി. പൗലോസ് അനുസ്മരിപ്പിക്കുന്നതുപോലെ "ജ്ഞാനസ്നാനത്താൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. മിശിഹാ മരിച്ചതിനുശേഷം പിതാവിന്റെ മഹത്ത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്" (റോമാ 6:4-5). ഉയിർപ്പുകാലത്തിലെ ആദ്യ ആഴ്ച, പുതുതായി മാമ്മോദീസ സ്വീകരിച്ച "പുതുക്രിസ്ത്യാനി"കളുടെ ആഴ്ചയായി മാറ്റിവച്ചിരുന്നു. അതിനാൽ അനുകരണാർഹമായ ഈ പാരമ്പര്യം പുനർജീവിപ്പിച്ചുകൊണ്ട് ഉയിർപ്പുതിരുനാളിനോടനുബന്ധിച്ചു മാമ്മോദീസ നല്കുക ഉചിതമായിരിക്കും.

# Season of Resurrection

The Season of Resurrection consists of seven weeks from Easter to Pentecost. It is a time of joy recalling the new life obtained through the resurrection of the Saviour. In fact, the prayers and hymns of this period reflect this joy. Some of the important themes of this liturgical season are the resurrection of Christ, his victory over sin, death and Satan, the cross which was a sign of folly becoming the sign of redemption and glory, the resurrection of Christ as a pledge of our resurrection, His resurrection as a basis Christian faith etc.

The early Church was administering the sacrament of baptism in connection with Easter. As St. Paul reminds us, 'We were buried therefore with him by baptism into death, so that as Christ was raised from the dead by the glory of the Father, we too might walk in newness of life. For if we have been united with him in a death like his, we shall certainly be united with him in a resurrection like his.' (Rom 6: 4-5) The week after Easter was set apart for the newly baptized. It is worth imitating this ancient tradition of administering baptism in connection with Easter.